**SJD/4175/2026-G4**

**"ഭരണഭാഷ – മാതൃഭാഷ"**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :15-09-2026
Email - swdkerala@gmail.com
Phone - 0471 – 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

ഡയറക്ടർ,
പബ്ലിക് ഇൻഫർമേഷൻ വകുപ്പ്

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – സാമൂഹ്യനീതി വകുപ്പ് – അന്താരാഷ്ട്ര വയോജന ദിനം – 2026 ഒക്ടോബർ 1-ന് പ്രദർശിപ്പിക്കുന്നതിനായി പുതിയ വയോജനക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങളും പുതിയ കാഴ്ചപ്പാടുകളും ഉൾക്കൊള്ളുന്ന ഷോർട്ട് വീഡിയോ തയ്യാറാക്കുന്നത് – Proposal ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന :- സാമൂഹ്യനീതി ഡയറക്ടറുടെ 10.09.2026-ലെ SJD/4175/2026-G4 നമ്പർ കത്ത്

അന്താരാഷ്ട്ര വയോജന ദിനമായ 01.10.2026-നോടനുബന്ധിച്ച്, പുതിയ വയോജനക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങളും വയോജന മേഖലയിൽ വകുപ്പ് മുന്നോട്ടുവയ്ക്കുന്ന പുതിയ കാഴ്ചപ്പാടുകളും ഉൾക്കൊള്ളുന്ന 2–3 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഷോർട്ട് വീഡിയോ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് Concept Note സഹിതം സൂചന പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

പ്രസ്തുത വീഡിയോ തയ്യാറാക്കുന്നതിനായി Startup Companies-ൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനായി Concept Note ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. Detailed Proposal **16/09/2026 തീയതി 11.00 മണിയ്ക്ക് മു**ൻപായി ലഭ്യമാക്കുന്നതിനായി പി ആർ ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ADDITIONAL DIRECTOR

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം

Concept Note

Digitally signed by
JALAJA S
Date: 15-09-2026
11:47:54

**CONCEPT NOTE**

**കേരളം വയോജന ക്ഷേമ വകുപ്പ് – പുതിയ കാഴ്ചപ്പാടും സമഗ്ര ഇടപെടലുകളും**

**1. പശ്ചാത്തലം**

കേരളം ഇന്ന് ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വയോജന ജനസംഖ്യ വർധിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ്. ജനസംഖ്യാ ഘടനയിലുണ്ടാകുന്ന ഈ മാറ്റം വയോജനങ്ങളുടെ ആരോഗ്യപരിപാലനം, സാമൂഹിക സുരക്ഷ, പരിചരണം, സാമ്പത്തിക സുരക്ഷ, സാമൂഹിക പങ്കാളിത്തം, സ്വയംപര്യാപ്തത എന്നിവയുമായി ബന്ധപ്പെട്ട പുതിയ ആവശ്യകതകൾ ഉയർത്തുന്നു.

ഈ സാഹചര്യത്തിൽ, വയോജന ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കൂടുതൽ ഏകോപിതവും സമഗ്രവും ഫലപ്രദവുമാക്കുന്നതിനായി **വയോജന ക്ഷേമ വകുപ്പ്** രൂപീകരിച്ചിട്ടുള്ളത്. വയോജനങ്ങളെ കേവലം പരിചരണവും സംരക്ഷണവും ആവശ്യമുള്ള വിഭാഗമായി കാണുന്നതിൽ നിന്ന് മാറി, അവരുടെ അറിവ്, അനുഭവം, കഴിവുകൾ, ശേഷികൾ എന്നിവ സമൂഹത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്ന ഒരു പുതിയ സമീപനമാണ് വകുപ്പ് വിഭാവനം ചെയ്യുന്നത്.

**2. വയോജന ക്ഷേമ വകുപ്പ് രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്**

വയോജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്ക് സുരക്ഷിതവും ആരോഗ്യകരവും മാന്യവും സ്വയംപര്യാപ്തവുമായ വാർധക്യം ഉറപ്പാക്കുന്നതിനുമാണ് പുതിയ വയോജന വകുപ്പ് ലക്ഷ്യമിടുന്നത്.

വയോജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സേവനങ്ങൾ ഏകോപിപ്പിക്കുക, സാമൂഹികവും സാമ്പത്തികവുമായ പങ്കാളിത്തം വർധിപ്പിക്കുക, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക, സമൂഹത്തിൽ സജീവമായി തുടരുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നിവ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളായിരിക്കും.

**3. എന്തുകൊണ്ട് പ്രത്യേക വയോജന ക്ഷേമ വകുപ്പ്?**

വയോജന ജനസംഖ്യയുടെ വർധനവിനൊപ്പം അവരുടെ ആവശ്യങ്ങളും കൂടുതൽ വൈവിധ്യമാർന്നതായി മാറുകയാണ്. ആരോഗ്യപരിചരണം, ദീർഘകാല പരിചരണം, സാമൂഹിക സുരക്ഷ, മാനസിക ക്ഷേമം, താമസം, ഗതാഗതം, ഡിജിറ്റൽ സാക്ഷരത, തൊഴിൽ, സ്വയംതൊഴിൽ, സംരംഭകത്വം, സാമൂഹിക പങ്കാളിത്തം തുടങ്ങിയ വിവിധ മേഖലകളിൽ പ്രത്യേക ഇടപെടലുകൾ ആവശ്യമാണ്.

ഈ മേഖലകളിലെ പദ്ധതികളും സേവനങ്ങളും ഏകോപിപ്പിച്ച് വയോജന കേന്ദ്രീകൃതമായ സമഗ്ര നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതിനാണ് പ്രത്യേക വയോജന വകുപ്പ് ലക്ഷ്യമിടുന്നത്.

**4. വകുപ്പിന്റെ പുതിയ കാഴ്ചപ്പാട്**

പുതിയ വയോജന വകുപ്പിന്റെ കാഴ്ചപ്പാട് **"പരിചരണത്തിൽ നിന്ന് പങ്കാളിത്തത്തിലേക്ക്"** എന്ന

ആശയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.

വയോജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ക്ഷേമം ഉറപ്പാക്കുന്നതിനൊപ്പം, അവരുടെ അറിവും അനുഭവവും കഴിവുകളും സമൂഹത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്ന ഒരു **വയോജന സൗഹൃദ കേരളം** സൃഷ്ടിക്കുകയാണ് ലക്ഷ്യം.

**5. Silver Economy – പ്രധാന ഘടകം**

വയോജനങ്ങളുടെ ആവശ്യങ്ങൾ, കഴിവുകൾ, ഉപഭോഗശേഷി, തൊഴിൽ/സംരംഭകത്വ സാധ്യതകൾ എന്നിവയെ അടിസ്ഥാനമാക്കി രൂപപ്പെടുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ സമഗ്ര മേഖലയായ **Silver Economy**, വയോജന വകുപ്പിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നായിരിക്കും.

വയോജനങ്ങളെ സാമ്പത്തിക പ്രവർത്തനങ്ങളുടെ സജീവ പങ്കാളികളാക്കുന്നതിനും അവരുടെ കഴിവുകളും അനുഭവങ്ങളും പ്രയോജനപ്പെടുത്തുന്നതിനും തൊഴിൽ, സ്വയംതൊഴിൽ, സംരംഭകത്വം, മെന്ററിംഗ്, സ്വമേധാ സേവനം തുടങ്ങിയ മേഖലകളിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും Silver Economy സമീപനം സഹായിക്കും.

**6. വയോജന വകുപ്പിന്റെ പ്രധാന Strategic Pillars**

വകുപ്പിന്റെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന **5 പ്രധാന Strategic Pillars** കേന്ദ്രീകരിച്ചായിരിക്കും:

**1. Healthy & Active Ageing**
ആരോഗ്യകരവും സജീവവുമായ വാർധക്യം പ്രോത്സാഹിപ്പിക്കുക; ശാരീരിക, മാനസിക, സാമൂഹിക ക്ഷേമം ഉറപ്പാക്കുക.

**2. Community Care & Independent Living**
സമൂഹാടിസ്ഥാനത്തിലുള്ള പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വയോജനങ്ങൾക്ക് കഴിയുന്നത്ര സ്വതന്ത്രമായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക.

**3. Universal Social Protection & Elder Rights**
വയോജനങ്ങൾക്ക് സമഗ്രമായ സാമൂഹിക സുരക്ഷ ഉറപ്പാക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.

**4. Care Economy & Silver Economy**
പരിചരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനൊപ്പം വയോജനങ്ങളുടെ സാമ്പത്തിക സാധ്യതകൾ, തൊഴിൽ, സംരംഭകത്വം, ഉപഭോഗശേഷി, കഴിവുകൾ എന്നിവ പ്രയോജനപ്പെടുത്തുന്ന Silver Economy വികസിപ്പിക്കുക.

**5. Ageing Research, Data & Innovation**
വയോജന മേഖലയുമായി ബന്ധപ്പെട്ട ഗവേഷണം, കൃത്യമായ ഡാറ്റ ശേഖരണം, തെളിവ് അധിഷ്ഠിത നയരൂപീകരണം, സാങ്കേതികവിദ്യ, നവീന ആശയങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

**7. പ്രതീക്ഷിക്കുന്ന ഫലം**

പുതിയ വയോജന വകുപ്പ് നിലവിൽ വരുന്നതിലൂടെ വയോജന ക്ഷേമവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളും സേവനങ്ങളും കൂടുതൽ ഏകോപിതമായി നടപ്പിലാക്കുന്നതിനും വയോജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാധിക്കും.

വയോജനങ്ങളെ സമൂഹത്തിന്റെ സജീവവും ഉൽപ്പാദനക്ഷമവുമായ പങ്കാളികളാക്കി മാറ്റുകയും അവരുടെ അറിവും അനുഭവവും കഴിവുകളും സമൂഹത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു **സുരക്ഷിതവും ആരോഗ്യകരവും സ്വയംപര്യാപ്തവും വയോജന സൗഹൃദവുമായ കേരളം** സൃഷ്ടിക്കുന്നതിനുള്ള പുതിയ ചുവടുവയ്പ്പായിരിക്കും കേരള വയോജന വകുപ്പ്.

**8. ഉപസംഹാരം**

കേരളത്തിലെ മാറിവരുന്ന ജനസംഖ്യാ ഘടനയും വർധിച്ചുവരുന്ന വയോജന ജനസംഖ്യയും പരിഗണിക്കുമ്പോൾ, വയോജന ക്ഷേമത്തെ ഒരു സാമൂഹിക ക്ഷേമ വിഷയമായി മാത്രം കാണാതെ **ആരോഗ്യം, സാമൂഹിക സുരക്ഷ, പരിചരണം, അവകാശങ്ങൾ, സാമ്പത്തിക പങ്കാളിത്തം, ഗവേഷണം, നവീകരണം** എന്നിവ ഉൾക്കൊള്ളുന്ന സമഗ്ര മേഖലയായി സമീപിക്കേണ്ടതുണ്ട്.

ഈ പുതിയ സമീപനത്തിന്റെ അടിസ്ഥാനത്തിൽ, **Healthy & Active Ageing, Community Care & Independent Living, Universal Social Protection & Elder Rights, Care Economy & Silver Economy, Ageing Research, Data & Innovation** എന്നീ Strategic Pillars-കളിലൂടെ കേരളത്തിലെ വയോജന മേഖലയ്ക്ക് പുതിയ ദിശയും കാഴ്ചപ്പാടും നൽകുകയാണ് കേരള വയോജന വകുപ്പിന്റെ ലക്ഷ്യം.